# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

10.06.2019-ലെ മറുപടി

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:1031

## ജപ്പാൻ കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.ടി.എ. റഹീം | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | കോഴിക്കോട് എൻ.എച്ച് 66 ബൈപ്പാസിൽ തൊണ്ടയാടിനും രാമനാട്ടുകരക്കും ഇടയിൽ റോഡ് കട്ടിംഗ് ഒഴിവാക്കി എച്ച്.ഡി.ഡി മെത്തേഡിൽ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ പൈപ്പ് ലൈൻ ദേശീയപാത മുറിച്ച് കൊണ്ടു പോവുന്നതിന് തീരുമാനിച്ചിട്ടുണ്ടോ യെന്ന് വ്യക്തമാക്കാമോ; | (എ) | ഉണ്ട്. ദേശീയ പാത മുറിച്ചു കൊണ്ടു പോകുന്നതിന് നാഷണൽ ഹൈവേ അധികൃതരിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ട്. ജിക്ക പദ്ധതിയിൽ ഭരണാനുമതി നൽകി ടി പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | നേരത്തേ കരാർ എടുത്തവർക്ക് ഇങ്ങനെ ഒരിനം പ്രവൃത്തി നൽകാത്ത സാഹചര്യത്തിൽ ഇതിന് പ്രത്യേകാനുമതി നൽകാൻ സാധിക്കു മോയെന്ന് വിശദമാക്കുമോ; | (ബി) & (സി) | നിലവിൽ ശ്രീറാം ഇ.പി.സി.എൽ ഏറ്റെടുത്തിരിക്കുന്ന കരാറിൽ (പാക്കേജ് പി3 ആർ2) മേൽ പറഞ്ഞ സ്ഥലങ്ങളിൽ എച്ച്.ഡി.ഡി മെത്തേഡിൽ പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്ന പ്രവൃത്തി ഉൾപ്പെട്ടിട്ടില്ല. ആയതിനാൽ പ്രത്യേകാനുമതി നൽകി ടെൻഡർ വിളിച്ച് പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | ദേശീയപാത ആറ് വരിയാക്കുന്നതിന് മുമ്പ് പൈപ്പ് ക്രോസിംഗ് പ്രവൃത്തി പൂർത്തീകരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**